(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇവയുടെ പണി പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ബി) നദികളിലെയും മറ്റ് പ്രധാന നീർച്ചാലുകളിലെയും, നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷസമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കാർഷിക ഗാർഹികാവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വകുപ്പിലെ മൈനർ, മേജർ വിഭാഗങ്ങൾ പ്രസ്തുത പദ്ധതികൾ ഏറ്റെടുത്തുവരുന്നു.

(ഡി) നദികളിലെയും മറ്റ് പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷസമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപപ്രദേശത്തെ ഭൂജല വിതാനം താഴാതെ നിലനിർത്തുക, കാർഷിക ഗാർഹികാവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മേജർ ഇറിഗേഷൻ പദ്ധതികൾ

178 (843) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് മേജർ ഇറിഗേഷനുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾക്കായി നടപ്പാക്കിക്കൊണ്ടിരിക്കുന്നതും നടപ്പാക്കിയിട്ടുള്ളതുമായ പദ്ധതികളുടെ പേരുവിവരം പദ്ധതിതിരിച്ച് വാർഷിക ക്രമത്തിൽ അറിയിക്കുമോ ?

ഉത്തരം

10,000 ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതികളാണ് വൻകിട (മേജർ) ജലസേചന പദ്ധതികളായി കണക്കാക്കുന്നത്. ഇത്തരത്തിൽ രണ്ട് പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. 1974 -ൽ ആരംഭിച്ച മൂവാറ്റുപുഴ ജലസേചന പദ്ധതി (36129 ഹെക്ടർ)

2. 1981-ൽ ആരംഭിച്ച ഇടമലയാർ ജലസേചന പദ്ധതി (14393 ഹെക്ടർ)

LIBRARY ARCHIVES Kerala Legislative Assembly